സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 2 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവ ഉദ്ഘാടനം തിരുവനന്തപുരം മലയിൻകീഴ് ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചതിന് ശേഷം വിദ്യാർഥിയുമായി സംവദിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ. മന്ത്രിമാരായ വി.ശിവൻകുട്ടി, ജി.ആർ അനിൽ എന്നിവർ സമീപം.

## 140 കിലോമീറ്ററിൽ അധികമുള്ള സ്വകാര്യബസ് പെർമിറ്റ് റദ്ദാക്കൽ; ഹർജിയിൽ ഇടപെടാതെ ഹൈക്കോടതി

കൊച്ചി: സ്വകാര്യബസുകൾക്ക് 140 കിലോമീറ്ററിലധികം ദൂരം പെർമിറ്റ് അനുവദിക്കേണ്ടെന്ന മോട്ടോർ വെഹിക്കിൾ സ്കീമിലെ വ്യവസ്ഥ ചോദ്യംചെയ്യുന്ന ഹർജിയിൽ ഇടപെടാതെ ഹൈക്കോടതി. കഴിഞ്ഞ മേയ് മൂന്നിന് സർക്കാർ അംഗീകാരം നൽകിയ സ്കീമിലെ വ്യവസ്ഥപ്രകാരം 140 കിലോമീറ്ററിലധികം ദൂരം സ്വകാര്യബസുകൾക്ക് പെർമിറ്റ് അനുവദിക്കില്ല.ഇത് നിലവിൽവന്നതോടെ പെർമിറ്റ് പുതുക്കിനൽകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി ദീർഘദൂര സർവീസ് നടത്തുന്ന ബസുടമകളാണ് ഹൈക്കോടതിയെ സമീപിച്ചത്. ഹർജി പരിഗണിച്ച ജസ്റ്റിസ് സി.എസ് ഡയസ്, സ്കീം സ്റ്റേ ചെയ്യണമെന്ന ആവശ്യം തള്ളി. ഈ ആവശ്യം പ്രഥമദൃഷ്ട്യാ അംഗീകരിക്കാൻ കഴിയില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. നിലവിൽ 140 കിലോമീറ്ററിലധികം ദൂരം സർവീസ് നടത്താൻ പെർമിറ്റുള്ളവരായിരുന്നു ഹർജിക്കാർ. സ്കീമിന്റെ കരട് 2020 സെപ്റ്റംബർ 14-നാണ് പ്രസിദ്ധീകരിച്ചത്. പുതിയ സ്കീമിന് രൂപംനൽകിയാൽ ഒരു വർഷത്തിനകം ബന്ധപ്പെട്ട കക്ഷികളെ കേട്ട് അന്തിമമാക്കണമെന്നാണ് വ്യവസ്ഥ. അതുണ്ടായില്ലെന്നും സ്കീം നിയമപരമല്ലെന്നുമായിരുന്നു ഹർജിക്കാരുടെ വാദം. അന്തിമ




വിജ്ഞാപനത്തിലെ കാലതാമസവും യാത്രാക്ലേശവും പരിഗണിച്ച് ഇത് നടപ്പാക്കുന്നത് നാലു മാസത്തേക്ക് നീട്ടുകയും സ്വകാര്യ ബസുകൾക്ക് താൽക്കാലിക പെർമിറ്റ് നൽകുകയുമായിരുന്നു. ഇനി താൽക്കാലിക പെർമിറ്റ് അനുവദിക്കുകയില്ലെന്ന് ഗതാഗതവകുപ്പ് അറിയിച്ചിരുന്നു.

# പ്രതിപക്ഷം ഒറ്റക്കെട്ട്

## 2024 ലോക്സഭ തെരഞ്ഞെടുപ്പ് ഫലം രാജ്യത്തെ അത്ഭുതപ്പെടുത്തും: രാഹുൽ ഗാന്ധി

വാഷിങ്ടൺ: 2024ൽ വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് മികച്ച പ്രകടനം കാഴ്ചവയ്ക്കുമെന്നും പ്രതിപക്ഷം ഒറ്റക്കെട്ടാണെന്നും രാഹുൽ വ്യക്തമാക്കി. യു.എസ് പര്യടനത്തിനിടെ വാഷിങ്ടണിലെ നാഷണൽ പ്രസ് ക്ലബിൽ നടത്തിയ അഭിമുഖത്തിലാണ് പ്രതിപക്ഷ ഐക്യത്തെക്കുറിച്ച് അദ്ദേഹം പ്രതീക്ഷ പങ്കുവച്ചത്. കോൺഗ്രസ് അടുത്ത രണ്ട് വർഷത്തിനിടയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുമെന്നാണ് താൻ കരുതുന്നത്. അതിന്റെ പ്രവർത്തനങ്ങൾ ആളുകളെ അത്ഭുതപ്പെടുത്തുന്നതാകും. അടുത്ത മൂന്നോ നാലോ സംസ്ഥാന തെരഞ്ഞെടുപ്പുകൾ കാത്തിരുന്ന് കാണുക. എന്താണ് സംഭവിക്കാൻ പോകുന്നതെന്നതിന്റെ മികച്ച സൂചനകളാവും അവ. പ്രതിപക്ഷം വളരെ നന്നായി





വാഷിങ്ടണിലെ നാഷണൽ പ്രസ് ക്ലബിൽ മാധ്യമങ്ങളോട് സംസാരിക്കുന്ന രാഹുൽഗാന്ധി

ഐക്യപ്പെട്ടിരിക്കുന്നു. അത് കൂടുതൽ ഐക്യപ്പെടുന്നതായി താൻ കരുതുന്നു. തങ്ങൾ എല്ലാ പ്രതിപക്ഷ പാർട്ടികളുമായും സംഭാഷണം നടത്തുകയാണ്. ഒരുപാട് നല്ല കാര്യങ്ങൾ നടക്കുന്നുണ്ട്. ഇതൊരു സങ്കീർണമായ ചർച്ചയാണ്. കാരണം തങ്ങളും മറ്റ് പ്രതിപക്ഷ പാർട്ടികളുമായി മത്സരിക്കുന്ന ഇടങ്ങളുണ്ട്. അതിനാൽ, ഇത് ആവശ്യാനുസരണം കുറച്ച് കൊടുക്കലുകളും വാങ്ങലുകളുമാണ്. പക്ഷേ ഐക്യം സംഭവിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. കർണാടക തെരഞ്ഞെടുപ്പ് ഫലം ചൂണ്ടിക്കാട്ടി രാഹുൽ പറഞ്ഞു.ഇന്ത്യയിലെ പത്ര, മതസ്വാതന്ത്ര്യം, ന്യൂനപക്ഷങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സമ്പദ് വ്യവസ്ഥ എന്നിവ ഉൾപ്പെടെയുള്ള ചോദ്യങ്ങൾക്കും രാഹുൽ ഗാന്ധി മറുപടി നൽകി. സർക്കാർ സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും വരുതിയിലാക്കുന്ന കേന്ദ്ര സർക്കാർ നീക്കത്തെയും രാഹുൽ ഗാന്ധി രൂക്ഷമായി വിമർശിച്ചു. 10 ദിവസത്തെ സന്ദർശനത്തിനാണ് രാഹുൽ ഗാന്ധി അമേരിക്കയിലെത്തിയത്. കഴിഞ്ഞ ദിവസം സ്റ്റാൻഫഡ് യൂണിവേഴ്സിറ്റി ക്യാംപസിൽ നടത്തിയ പരിപാടിയിലും രാഹുൽ കേന്ദ്രസർക്കാരിനെതിരേ രൂക്ഷ വിമർശനങ്ങൾ ഉന്നയിച്ചിരുന്നു.

## ന്യൂയോർക്കിലെ ലോക കേരളസഭ: സാമ്പത്തിക ഉറവിടം ജനങ്ങളെ ബോധ്യപ്പെടുത്തണമെന്ന് സംഘാടക സമിതി

ന്യൂയോർക്ക്: പണപ്പിരിവ് വിവാദമായതോടെ വിശദീകരണവുമായി അമേരിക്കയിലെ ലോക കേരളസഭാ സംഘാടക സമിതി. സമ്മേളന നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുമെന്നും സാമ്പത്തിക ഉറവിടം ജനങ്ങളെ ബോധ്യപ്പെടുത്തുമെന്നും സംഘാടക സമിതി അറിയിച്ചു. സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട് വലിയ വിമർശനങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് പ്രതികരണം.മുഖ്യമന്ത്രി പങ്കെടുക്കുന്ന പരിപാടി പ്രൗഢ ഗംഭീരമായിരിക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്ന് സംഘാടക സമിതി കെ.ജി മന്മഥൻ നായർ പറഞ്ഞു. ഈ പരിപാടി കഴിയുമ്പോൾ




ഇതിന് എവിടെ നിന്ന് പണം, എത്ര ചിലവായി എന്നത് കൂടി ജനങ്ങളെ ബോധ്യപ്പെടുത്താൻ സംഘാടകസമിതിക്ക് ബാധ്യതയുണ്ട്. കേരള സർക്കാരിൽ നിന്ന് പണം ആവശ്യപ്പെട്ടില്ലെന്നും തന്നിട്ടില്ലെന്നും അവർ വ്യക്തമാക്കുന്നു. ജൂൺ 9 മുതൽ 11 വരെയാണ് ന്യൂയോർക്കിൽ ലോക കേരളാസഭ സമ്മേളനം നടക്കുന്നത്. നിലവിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏകദേശം ആറര ലക്ഷം ഡോളർ(അഞ്ചരക്കോടി)ആണ് ആവശ്യമായി വരുന്നത്. ടൈംസ് സ്ക്വയറിൽ നടക്കുന്ന സമാപന സമ്മേളനത്തിന് പ്രത്യേക വേദിയൊരുക്കും. രണ്ടു മണിക്കൂർ മുഖ്യമന്ത്രി സംസാരിക്കുന്ന പരിപാടിക്കായി ചിലവാക്കുന്നത് ഏകദേശം രണ്ടുകോടി രൂപയാണ്. എട്ടിനാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം യു.എസിലേക്ക് യാത്ര തിരിക്കുക.

## ബ്രിജ്ഭൂഷണിന്റെ അയോധ്യയിലെ ശക്തി പ്രകടനറാലി റദ്ദാക്കി

ന്യൂഡൽഹി: ബി.ജെ.പി എം.പിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റ് ബ്രിജ് ഭൂഷണൻ സിങിന്റെ ശക്തി പ്രകടനത്തിനായി തിങ്കളാഴ്ച നടത്താനിരുന്ന റാലി റദ്ദാക്കി. തനിക്കെതിരായ കുറ്റങ്ങളിൽ പോലിസ് അന്വേഷണം നടക്കുന്നതിനാൽ റാലി കുറച്ചു ദിവസത്തേക്ക് നീട്ടിവയ്ക്കുകയാണെന്ന് ബ്രിജ് ഭൂഷൺ വ്യക്തിമാക്കി. റാലി തിങ്കളാഴ്ച നടത്തുമെന്നായിരുന്നു നേരത്തെ പ്രഖ്യാപിക്കപ്പെട്ടിരുന്നത്. പ്രതിഷേധിക്കുന്ന ഗുസ്തി താരങ്ങൾ പിന്തുണ വർധിക്കുന്നതിനിടെയാണ് തന്റെ ശക്തി പ്രകടന റാലി നടത്തി പ്രതിരോധം തീർക്കാൻ ബ്രിജ് ഭൂഷൺ തീരുമാനിച്ചത്. എന്നാൽ, ബ്രിജ് ഭൂഷണിനെതിരായ എഫ്.ഐ.ആർ വിവരങ്ങൾ പുറത്തുവന്നതോടെയാണ് റാലി നീട്ടിവയ്ക്കുകയാണെന്ന് പ്രഖ്യാപിച്ചത്.

## ഗുസ്തി താരങ്ങളുടെ സമരം: പിന്തുണയുമായി ബി.ജെ.പി എം.പി പ്രീതം മുണ്ടെ

ന്യൂഡൽഹി: ബി.ജെ.പി എം.പി ബ്രിജ് ഭൂഷണിനെതിരേ ഗുസ്തി താരങ്ങൾ നടത്തിവരുന്ന സമരത്തെ പിന്തുണച്ച് ബി.ജെ.പി എം.പി പ്രീതം മുണ്ടെ രംഗത്ത്. സമരത്തെ സർക്കാർ അടിച്ചമർത്തുന്നതിനിടെയാണ് പിന്തുണയുമായി ബി.ജെ.പി എം.പിമാർ രംഗത്തെത്തിയത്.

ഹരിയാനയിലെ ബി.ജെ.പി എം.പി ബ്രിജേന്ദ്ര സിംഗ് പിന്തുണയുമായി നേരത്തെ രംഗത്തെത്തിയിരുന്നു. ഒരു സ്ത്രീ ഇത്രയും ഗൗരവമുള്ള പരാതി പറയുമ്പോൾ അത് സത്യമാണെന്ന് സംശയലേശമന്യേ പരിഗണിക്കാമെന്ന് പ്രീതം മുണ്ടെ പറഞ്ഞു. അത് ഏതെങ്കിലും സർക്കാരോ പാർട്ടിയോ ആകാം. പരാതി ശ്രദ്ധിക്കപ്പെടാതെ പോകുന്നുവെങ്കിൽ അത് ന്യായമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അത് ശ്രദ്ധിക്കപ്പെടാതെ പോകരുത്, ആവശ്യമായ ശ്രദ്ധ



നൽകണമെന്ന് പ്രീതം മുണ്ടെ പറഞ്ഞു. ഗുസ്തി താരങ്ങൾ അവരുടെ മെഡലുകൾ ഗംഗയിലെറിയുന്നത് നിർഭാഗ്യകരവും വേദനാജനകവുമാണെന്നായിരുന്നു ബ്രിജേന്ദ്ര സിംഗ് പറഞ്ഞത്.

നേരത്തെ, ഗുസ്തി താരങ്ങളുടെ സമരത്തിന് രാഷ്ട്രീയ പാർട്ടികൾ പിന്തുണ നൽകുന്നതിനെ വിമർശിച്ച് കേന്ദ്രമന്ത്രി അനുരാഗ് താക്കൂർ രംഗത്തെത്തിയിരുന്നു. സർക്കാർ കായികതാരങ്ങൾക്കൊപ്പം തന്നെയാണെന്നും അനുരാഗ് താക്കൂർ വ്യക്തമാക്കി.

സമരം രാഷ്ട്രീയ വേദിയാക്കി മാറ്റില്ല എന്ന് താരങ്ങൾ പറഞ്ഞിട്ടും രാഷ്ട്രീയ നേതാക്കൾ സമര വേദിയിൽ എത്തുന്നു. അന്വേഷണം നിയമപ്രകാരം തന്നെ നടക്കും. ഡൽഹി പോലിസിന്റെ അന്വേഷണത്തിൽ വിശ്വസിക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഗുസ്തി താരങ്ങൾ ആവശ്യപ്പെട്ടത് പ്രകാരം തന്നെയാണ് നടപടികൾ സ്വീകരിച്ചത് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ലൈംഗികാവശ്യം നിരസിച്ചാൽ ഭാവി തകർക്കുമെന്ന് ഭീഷണി; ബ്രിജ് ഭൂഷണെതിരേ രണ്ട് എഫ്.ഐ.ആർ

ന്യൂഡൽഹി: ബി.ജെ.പി എം.പിയും റസ്‌ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ മേധാവിയുമായ ബ്രിജ് ഭൂഷൺ ശരൺസിങിനെതിരേ ലൈംഗിക പീഡന പരാതിയുമായി ബന്ധപ്പെട്ട് രണ്ട് എഫ്.ഐ.ആർ. എഫ്.ഐ.ആറിൽ ബ്രിജ് ഭൂഷണിനെതിരേ ഗുരുതര കുറ്റാരോപണങ്ങൾ. കായികതാരങ്ങൾക്ക് ന്യൂട്രീഷണൽ സപ്ലിമെന്റ് വാഗ്ദാനം ചെയ്ത് പകരമായി ലൈംഗികാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടുവെന്നും ലൈംഗികമായി ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ടുള്ള 15 സംഭവങ്ങളും എഫ്.ഐ.ആറിൽ പറയുന്നു.


പ്രായപൂർത്തിയാകാത്തവരുടെ പരാതിയുമായി ബന്ധപ്പെട്ട് പോക്സോ നിയമപ്രകാരമാണ് എഫ്.ഐ.ആറുകളിലൊന്ന് രജിസ്റ്റർ ചെയ്തിരിക്കുന്നത്. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ പിതാവിന്റെ പരാതിയെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ ഫോട്ടോ എടുക്കാനെന്ന വ്യാജേനെ അടുത്തിരുത്തി സ്വകാര്യഭാഗങ്ങളിൽ സ്പ



ർശിച്ചെന്നാണ് എഫ്.ഐ.ആറിലുള്ളത്. താൽപര്യമില്ലെന്ന് പെൺകുട്ടി പറഞ്ഞിട്ടും ഉപദ്രവം തുടർന്നുവെന്നും എഫ്.ഐ.ആറിലുണ്ട്. ലൈംഗിക ആവശ്യം നിരസിക്കുന്ന കായികതാരങ്ങളെ ബ്രിജ് ഭൂഷൺ ഭീഷണിപ്പെടുത്തിയതായും ഭാവിയിലെ ടൂർണമെന്റുകളിൽ പരിഗണിക്കില്ലെന്ന് പറഞ്ഞതായും എഫ്ഐ.ആറിൽ പറയുന്നു. കായിതാരങ്ങളെ ലൈംഗിക ഉദ്ദേശത്തോടെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിച്ചുവെന്ന് വ്യക്തമാക്കുന്ന പത്ത് കേസുകളാണ് എഫ്.ഐ.ആറിലുള്ളത്. കായികതാരങ്ങളിൽ ഭയവും ഉത്കണ്ഠയും നിറച്ച് പീഡിപ്പിക്കുന്നുവെന്നതടക്കം കായികതാരങ്ങൾ ഉന്നയിക്കുന്ന എല്ലാ പരാതികളും രണ്ട് എഫ്.ഐ.ആറിലായുണ്ട്. 354, 354 എ (ലൈംഗിക പീഡനം), 354 ഡി, 34 എന്നീ വകുപ്പുകളാണ് ബ്രിജ്ഭൂഷണെതിരെ എഫ്.ഐ.ആറിൽ ചുമത്തിയിരിക്കുന്നത്. മറ്റൊരു എഫ്.ഐ.ആർ മുതിർന്ന ഗുസ്തി താരങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലാണ്. ഇതിൽ ബ്രിജ് ഭൂഷണെതിരേ ആറ് ഗുസ്തി താരങ്ങൾ വെളിപ്പെടുത്തിയ ലൈംഗിക പരാതികളാണുള്ളത്. താരങ്ങളുടെ സമ്മതമില്ലാതെ സ്വകാര്യ ഭാഗങ്ങളിൽ സ്പർശിച്ചുവെന്നും നിരന്തരമായി ലൈംഗികമായി പീഡിപ്പിച്ചെന്നും രണ്ടാം എഫ്.ഐ.ആറിൽ വിശദമാക്കുന്നു.

# ഫ്രാങ്കോ മുളയ്ക്കൽ ബിഷപ്പ് സ്ഥാനം രാജിവച്ചു; ഇനി ബിഷപ്പ് എമിരറ്റസ്


തിരുവനന്തപുരം: കന്യാസ്ത്രീയെ ബലാത്സംഗം ചെയ്തെന്ന കേസിൽ ആരോപണവിധേയനായിരുന്ന ഫ്രാങ്കോ മുളയ്ക്കൽ ബിഷപ്പ് സ്ഥാനം രാജിവെച്ചു. ജലന്ധർ ബിഷപ്പ് സ്ഥാനമാണ് അദേഹം രാജിവെച്ചത്. രാജി ഫ്രാൻസിസ് മാർപ്പാപ്പ സ്വീകരിച്ചു. എന്നാൽ, ഇത് അച്ചടക്ക നടപടിയല്ലെന്ന് വത്തിക്കാൻ വ്യക്തമാക്കിയിട്ടുണ്ട്. ഇനി ഫ്രാങ്കോ മുളയ്ക്കൽ ബിഷപ്പ് എമിരറ്റസ് എന്നറിയപ്പെടും. ഇക്കാര്യത്തിൽ ഏറെ സന്തോഷവും നന്ദിയുമുണ്ടെന്ന് ഫ്രാങ്കോ മുളയ്ക്കൽ വ്യക്തമാക്കി. വേദനയിൽ പങ്കുചേർന്നവരോടും പ്രാർത്ഥിച്ചവരോടും നന്ദിയുണ്ടെന്നും അദ്ദേഹം പറഞ്ഞു.നേരത്തെ, കന്യാസ്ത്രീയെ



ബലാത്സംഗം ചെയ്തെന്ന കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ കോടതി കുറ്റവിമുക്തനാക്കിയിരുന്നു. കോട്ടയം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി ജി. ഗോപകുമാർ ആണ് കേസിൽ വിധിപറഞ്ഞത്. കുറവിലങ്ങാട്ടെ മിഷനറീസ് ഓഫ് ജീസസ് മഠത്തിൽ വെച്ച് 2014 മുതൽ 2016 വരെയുള്ള കാലയളവിൽ കന്യാസ്ത്രീയെ ബിഷപ്പ് ഫ്രാങ്കോ 13 തവണ പീഡിപ്പിച്ചെന്നായിരുന്നു കേസ്. 105 ദിവസത്തെ വിസ്താരത്തിനുശേഷമാണ് കേസിൽ വിധിവന്നത്. ബലാത്സംഗം, അധികാരം ഉപയോഗിച്ച് സ്ത്രീയെ ലൈംഗികമായി പീഡിപ്പിക്കൽ തുടങ്ങിയവ ഉൾപ്പെടെ ഏഴു വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ബിഷപ്പിനെതിരേ ചുമത്തിയിരുന്നത്.

## പുൽപ്പള്ളി സർവീസ് സഹകരണ ബാങ്കിലെ വായ്പ തട്ടിപ്പ് കേസ്; വിജിലൻസ് ഇന്ന് കുറ്റപത്രം സമർപ്പിക്കും

കൽപ്പറ്റ: പുൽപ്പള്ളി സർവീസ് സഹകരണ ബാങ്കിലെ വായ്പ തട്ടിപ്പ് കേസിൽ വിജിലൻസ് ഇന്ന് കുറ്റപത്രം സമർപ്പിക്കും. തലശ്ശേരി കോടതിയിലാണ് വയനാട് വിജിലൻസ് ഡി.വൈ.എസ്.പി സിബി തോമസ് കുറ്റപത്രം സമർപ്പിക്കുക. അന്വേഷണം തുടങ്ങി നാലു വർഷം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാതിരുന്നത് പ്രതികളെ സംരക്ഷിക്കാൻ ആണെന്ന് ആരോപണം ഉയർന്നിരുന്നു. വായ്പ തട്ടിപ്പിനിരയായ രാ



കെ.കെ എബ്രഹാം, രാജേന്ദ്രൻ നായർ

ജേന്ദ്രന്റെ ആത്മഹത്യയെ തുടർന്നുണ്ടായ പ്രതിഷേധമാണ് നടപടികൾ വേഗത്തിലാക്കിയത്. കെ.പി.സി.സി ജനറൽ സെക്രട്ടറിയും ബാങ്ക് മുൻ ഭരണ സമിതി പ്രസിഡന്റുമായ കെ.കെ എബ്രഹാം ഉൾപ്പെടെ 10 പേരാണ് പ്രതി പട്ടികയിൽ. എബ്രഹാമും ബാങ്ക് മുൻ സെക്രട്ടറി രമാദേവിയും റിമാൻഡിൽ ആണ്. മുഖ്യ സൂത്രധാരൻ സജീവൻ കൊല്ലപ്പള്ളി കർണാടകയിലേക്ക് കടന്നതായാണ് വിവരം. കെ.കെ. എബ്രാഹാമിനെതിരെ കെ.പി.സി.സി നടപടി സ്വീകരിച്ചേക്കും.

## 'ഗുസ്തി താരങ്ങളോട് കേന്ദ്രസർക്കാർ നീതി കാണിക്കണം'

രാജ്യത്തിന്റെ യശസ്സ് അന്താരാഷ്ട്ര തലത്തിലേക്കുയർത്തിയ ഗുസ്തി താരങ്ങൾ കഴിഞ്ഞ മാസം ഏഴുമുതൽ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തോട് കേന്ദ്രസർക്കാർ നീതിപരമായി ഇടപെടണം. ഗുസ്തി ഫെഡറേഷൻ അധ്യക്ഷനും ബി.ജെ.പി എം.പിയുമായ ബ്രിജ്ഭൂഷൺ ശരൺസിങ്ങിനെ അറസ്റ്റ് ചെയ്യണമെന്നും ഇയാളുടെ പേരിൽ നിയമ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടാണ് അവർ സമരം നടത്തിക്കൊണ്ടിരിക്കുന്നത്. ഗുരുതരമായ ആരോപണങ്ങളാണ് ഇയാൾക്കെതിരേ ഗുസ്തി താരങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ഇവരുടെ പ്രക്ഷോഭത്തിന് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഐക്യദാർഢ്യവുമുയരുന്നുണ്ട്. നീതി ലഭിക്കുംവരെ സമരം ചെയ്യുമെന്ന് പ്രഖ്യാപിച്ച ഗുസ്തി താരങ്ങൾ കഴിഞ്ഞദിവസം അതികഠിനമായ തീരുമാനമാണ് എടുത്തത്.അവർ രാജ്യത്തിനുവേണ്ടി നേടിയ മെഡലുകൾ ഗംഗയിലൊഴുക്കുമെന്നാണ് പ്രഖ്യാപിച്ചത്. കടുത്ത ഇടപെടലുകൾക്ക് ശേഷമാണ് അവരെ ഈ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കാനായത്. സ്വന്തം ജീവിതം ഗുസ്തിക്കായി സമർപ്പിച്ച് ലോകോത്തര നേട്ടം രാജ്യത്തിന് സമ്മാനിച്ച കായിക താരങ്ങളുടെ ഹൃദയവേദന കേന്ദ്രസർക്കാർ കണ്ണ് തുറന്ന് കാണണം. ആരോപണ വിധേയനായ ബ്രിജ്ഭൂഷണിനെ നിയമ നടപടിക്ക് വിധേയമാക്കണം. അന്താരാഷ്ട്ര തലത്തിൽ പോലും ഈ വിഷയം രാജ്യത്തിന് മാനക്കേടുണ്ടാക്കിയിരിക്കുകയാണ്. അന്താരാഷ്ട്ര ഗുസ്തി ഫെഡറേഷനടക്കം വിഷയത്തിലിടപെട്ട് കഴിഞ്ഞിട്ടും ഡൽഹി പോലിസിനും കേന്ദ്രസർക്കാരിനും പ്രശ്നത്തിന്റെ ഗൗരവം കാണാനാവത്തത്, നീതിക്ക് വേണ്ടി വിലപിക്കുന്നവരുടെ ശബ്ദം രാജ്യത്ത് അവഗണിക്കപ്പെടുകയാണോ എന്ന തോന്നലാണുണ്ടാക്കുക. ഗുസ്തിതാരങ്ങൾ ബ്രിജ്ഭൂഷൺ ശരൺസിങ്ങിനെതിരേ നടപടിയാവശ്യപ്പെട്ട് സമരം തുടങ്ങിയത് ജനുവരിയിലായിരുന്നു. അന്ന് നിയോഗിച്ച മുൻ വനിതാ ബോക്സിംഗ് താരം മേരികോമിന്റെ നേതൃത്വത്തിലുള്ള സമിതി റിപ്പോർട്ട് ഇതുവരെ പുറത്ത് വിട്ടിട്ടില്ല. ആറ് തവണ എം.പിയായ ബ്രിജ്ഭൂഷൺ ശരൺസിങ് ബി.ജെ.പിയുടെ പ്രമുഖ നേതാവാണ്. 2012 മുതൽ 2022 വരെ നടന്ന സംഭവങ്ങളിൽ ബ്രിജ്ഭൂഷൺ ശരൺസിങ്ങിനെതിരേ പ്രധാനമായും ഉന്നയിക്കപ്പെട്ടിട്ടുള്ളത് ലൈംഗികാരോപണമാണ്. ഇയാൾക്കെതിരേ നടപടിയെടുക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ ഡൽഹി പോലിസാണ്. പോലിസിന്റെ ഭാഷ്യം പലപ്പോഴും വ്യക്തതയില്ലാത്തതായി മാറുകയാണ്. ശരിയായ അന്വേഷണം നടത്തി ഗുസ്തിതാരങ്ങൾക്ക് നീതി ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം.

# മണിപ്പൂരിൽ മരണം 98 കടന്നു; കലാപം തടയുന്നതിൽ സർക്കാർ പരാജയം

## 310 പേർക്ക് പരുക്ക്, 4014 കേസുകൾ രജിസ്റ്റർ ചെയ്തു

ഇംഫാൽ: മണിപ്പൂരിൽ തുടരുന്ന കലാപത്തിൽ മരണം 98 ആയി. കലാപത്തിൽ 310 പേർക്ക് പരുക്കേൽക്കുകയും 4014 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. കേന്ദ്രമന്ത്രി അമിത് ഷാ സമാധാന ചർച്ചകൾക്കായി എത്തി. ആയുധങ്ങൾ താഴെ വയ്ക്കണമെന്ന അഭ്യർത്ഥന സ്വീകരിക്കുകയും നിരവധി പേർ ആയുധങ്ങൾ ഏൽപ്പിച്ചെന്നും അധികൃതർ അറിയിച്ചു. കൂടാതെ ഭൂരിഭാഗം ജില്ലകളിലും സംഘർഷങ്ങൾ അയഞ്ഞതിനാൽ അഞ്ച് ജില്ലകളിൽ കർഫ്യൂ പിൻവലിച്ചു. 11 ജില്ലകളിൽ കർഫ്യൂ ഇളവ് നൽകി. മണിപ്പൂരിൽ കലാപം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജപ്പെട്ടെന്ന് കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ കക്ഷികൾ പറഞ്ഞു. ഇതോടെ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗിന്റെ ഭാവി തുലാസിലായി. കുകി മെയ്തി വിഭാഗക്കാരായ എം.എൽ.എമാരടക്കം മുഖ്യമന്ത്രിക്കെതിരേ അമിത്ഷായ്ക്ക് പരാതി നൽകി. സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ മണിപ്പൂരിൽ വിലക്കയറ്റം രൂക്ഷമാണ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സംസ്ഥാനത്ത് സന്ദർശനം നടത്തുമ്പോൾ കടുത്ത പ്രതിഷേധം കാരണം ഗോത്ര വർഗ മേഖലകളിൽ ഒപ്പം പോകാൻപോലും മുഖ്യമന്ത്രി ബിരേൻ സിംഗിനായിരുന്നില്ല. കലാപം തടയുന്നതിൽ പരാജയപ്പെട്ട ബിരേൻ സിംഗിനെ സ്ഥാനത്തുനിന്നും നീക്കണമെന്നാവശ്യപ്പെട്ട് രണ്ട് മന്ത്രിമാരുൾപ്പടെ കുകി വിഭാഗത്തിൽനിന്നുള്ള പത്ത് എം.എൽ.എമാർ കഴിഞ്ഞ ദിവസം അമിത്ഷായ്ക്ക് നിവേദനവും നൽകി. ഇതിൽ 5 പേർ ബി.ജെ.പി എം.എൽ.എമാരാണ്. ബിരേൻ സിംഗ് പരാജയപ്പെട്ടെന്ന് ബി.ജെ.പി മണിപ്പൂർ സെക്രട്ടറി പോക്കാം ഹോക്കിപും തുറന്നടിച്ചു. ബിരേൻ സിംഗിനോടുള്ള എതിർപ്പ് പരസ്യമാക്കി നാല് ബി.ജെ.പി എം.എൽ.എമാർ നേരത്തെ വിവിധ സർക്കാർ സ്ഥാനങ്ങളിൽനിന്നും രാജി വച്ചിരുന്നു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം പോലിസ് തങ്ങളെ ഏകപക്ഷീയമായി വെടിവച്ചുകൊല്ലുകയാണെന്നും, ബിരേൻ സിംഗിനെ സ്ഥാനത്തുനിന്നും നീക്കണമെന്നും കുകി വിഭാഗക്കാർ കഴിഞ്ഞ ദിവസം ആരോപിച്ചിരുന്നു. മെയ്തി വിഭാഗക്കാരിൽനിന്നും ബിരേൻ സിംഗിനുള്ള പിന്തുണ നാൾക്കുനാൾ ഇടിയുകയാണ്. കലാപത്തിന്റെ പശ്ചാത്തലത്തിൽ 25 ശതമാനം മെയ്തി വിഭാഗക്കാരുടെ പിന്തുണ മാത്രമാണ് ഇപ്പോൾ ബിരേൻ സിംഗിനുള്ളതെന്നാണ് എം.എൽ.എമാർ പറയുന്നത്. ഇതോടെയാണ് ബിരേൻ സിംഗിനെ നീക്കണോയെന്നതിൽ ബി.ജെ.പി കേന്ദ്ര നേതൃത്വവും ആലോചന തുടങ്ങിയത്. ദില്ലിയിൽ നടക്കുന്ന ചർച്ചയിൽ കേന്ദ്ര നേതൃത്വം വൈകാതെ അന്തിമ തീരുമാനമെടുത്തേക്കും. കലാപം തടയുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ചയുണ്ടായെന്ന ഇന്റലിജൻസ് റിപ്പോർട്ട് കേന്ദ്രസർക്കാരിനും നേരത്തെ ലഭിച്ചിട്ടുണ്ട്.



കലാപത്തിൽ കത്തിയമർന്ന വാഹനങ്ങൾ

## എസ്. ആർ. ഐ. ടിക്ക് അനുകൂലമായി ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തി കെഫോൺ

തിരുവനന്തപുരം: എസ്.ആർ.ഐ.ടിക്ക് അനുകൂലമായി ടെണ്ടർ വ്യവസ്ഥകളിൽ മാറ്റം വരുത്തി കെഫോൺ. ഹാർഡ് വെയർ സോഫ്റ്റ് വെയർ സേവനങ്ങൾ ലഭ്യമാക്കാനുള്ള സർവ്വീസ് പ്രൊവൈഡർ ആകണമെങ്കിൽ എസ്.ആർ.ഐ.ടിയുടെ സോഫ്റ്റ്വെയർ ഉപയോഗിക്കണമെന്നാണ് കെ ഫോണിന്റെ പുതിയ ടെണ്ടർ മാനദണ്ഡം. കൺസോർഷ്യം പങ്കാളിയായ എസ്.ആർ.ഐ.ടിക്ക് നേരിട്ട് പങ്കെടുക്കാൻ




കഴിയില്ലെന്നിരിക്കെ രണ്ട് തവണയാണ് ഹാർഡ്വെയർ സോഫ്റ്റ്വെയർ പങ്കാളിയെ കണ്ടെത്താനുള്ള ടെണ്ടർ നടപടികൾ കെ ഫോൺ വേണ്ടെന്ന് വച്ചത്. ആദ്യ ടെണ്ടർ തുറക്കും മുന്നേ റദ്ദാക്കി. രണ്ടാമത് വിളിച്ച ടെണ്ടറിൽ റെയിൽടെൽ കോർപറേഷനും അക്ഷര എന്റർ പ്രൈസസും സിറ്റ്സ് ടെക്നോജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പ് കമ്പനിയും പങ്കെടുത്തു. എസ്.ആർ.ഐ.ടിയുടെ സോഫ്റ്റ്വെയർ ആയ ആർ കൺവേർജ് ഉപയോഗിക്കുന്നവരെ മാത്രമെ ഇത്തവണ കെ ഫോൺ പരിഗണിക്കുന്നുള്ളു, എസ്.ആർ.ഐ.ടിയുടെ പേര് പറഞ്ഞ് ടെണ്ടർ രേഖയിൽ തന്നെ കെ ഫോൺ ഇക്കാര്യം വ്യക്തമാക്കിയിട്ടുമുണ്ട്. ആർ കൺവേർജിന് തുല്യമായ സോഫ്റ്റ്വെയർ ഉപയോഗിക്കാമെന്ന വ്യവസ്ഥയിലായിരുന്നു കഴിഞ്ഞ തവണ സ്റ്റാർട്ടപ്പ് കമ്പനിക്ക് ടെണ്ടർ കിട്ടിയത്. ഈ പഴുത് മറികടക്കാനാണ് എസ്.ആർ.ഐ.ടിയുടെ സോഫ്റ്റ്വെയർ എന്ന് ടെണ്ടറിൽ വ്യക്തമായി എഴുതിയതെന്നാണ് ആക്ഷേപം. നിലവിൽ അറുപതിനായിരം കണക്കക്ഷനുള്ള സാങ്കേതിക സൗകര്യങ്ങൾ രണ്ടര ലക്ഷമാക്കി ഉയർത്താനാണ് കെ ഫോൺ പുതിയ പങ്കാളിയുടെ സഹായം തേടുന്നത്.

## ലോക കേരള സഭയുമായി ബന്ധപ്പെട്ട് നടത്തിയ പണപ്പിരിവ്; ന്യായീകരിച്ച് എ.കെ ബാലൻ

തിരുവനന്തപുരം: ലോക കേരള സഭയുമായി ബന്ധപ്പെട്ട് നടത്തിയ പണപ്പിരിവിനെ ന്യായീകരിച്ച് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം



എ.കെ ബാലൻ. 'ഇവിടുന്ന് പണം എടുക്കാനും പറ്റില്ല, സ്പോൺസർഷിപ്പ് വാങ്ങാനും പറ്റില്ല' എന്നു പറഞ്ഞാൽ അതെന്ത് ന്യായമെന്ന് ബാലൻ ചോദിച്ചു. സ്പോൺസർഷിപ്പ് എന്ന പേരിൽ നടക്കുന്ന പണപ്പിരിവിനെയാണ് അദ്ദേഹം അനുകൂലിച്ച് സംസാരിച്ചത്. സ്പോൺസർ എന്നു പറഞ്ഞാൽ എന്താണെന്ന് ആദ്യം മനസ്സിലാക്കണം. സ്പോൺസർഷിപ്പ് വാങ്ങുന്നതിൽ എന്താണ് തെറ്റ്? ഇപ്പോൾ ആരോപണമുന്നയിക്കുന്ന ഇവരാരും ഇതിനുമുമ്പ് സ്പോൺസർഷിപ്പ് വാങ്ങിയിട്ടില്ലേ ?വിവിധ രാജ്യങ്ങളിലെ മലയാളികളുടെ സംഗമമാണ് ലോക കേരള സഭ. മലയാളികൾ മനസ്സറിഞ്ഞ് സഹകരിക്കുന്നതിൽ എന്തിനാണ് അസൂയ? എന്ന് ബാലൻ ചോദിച്ചു. ലോക കേരള സഭ വിവാദത്തിന് പിന്നിൽ വയനാട് സഹകരണ ബാങ്ക് അഴിമതിയാണ്. കെ.പി.സി.സി ജനറൽ സെക്രട്ടറി അറസ്റ്റിലായത് മറികടക്കാൻ അനാവശ്യമായി വിവാദം ഉയർത്തുകയാണെന്നും എ.കെ ബാലൻ കുറ്റപ്പെടുത്തി. മുഖ്യമന്ത്രിയുടെയും സർക്കാരിന്റേയും ഇമേജ് ഉയർന്നിരിക്കുന്നു. ആരോപണങ്ങൾ പ്രവാസികൾ പുച്ഛിച്ചു തള്ളും. ഇത് പണം പിരിക്കുന്നതല്ല. സ്പോൺസർഷിപ്പാണെന്നു പറഞ്ഞ ബാലൻ പ്രവാസികളെ പ്രതിപക്ഷം അപമാനിച്ചെന്ന് ആരോപിച്ചു.



## കണ്ണൂർ ട്രെയിൻ തീവെപ്പ് കേസ്; പോലിസ് കസ്റ്റഡിയിലുള്ള യു.പി സ്വദേശിയുടെ അറസ്റ്റ് ഇന്ന്

കണ്ണൂർ: കണ്ണൂർ ട്രെയിൻ തീവെപ്പ് കേസിൽ പോലിസ് കസ്റ്റഡിയിലുള്ള യു,പി സ്വദേശിയുടെ അറസ്റ്റ് ഇന്ന് ഉണ്ടായേക്കും. റെയിൽവേ സ്റ്റേഷൻ പരിസരത്ത് സ്ഥിരമായി ഉണ്ടാകാറുള്ള ഇയാളാണ് ബോഗിക്ക് തീവച്ചത് എന്നാണ് പോലിസിന് ലഭിക്കുന്ന വിവരം. കസ്റ്റഡിയിൽ ഉള്ള ആൾ തീവെപ്പിന് തൊട്ട് മുൻപ ട്രാക്കിന് പരിസരത്ത് ഉണ്ടായിരുന്നതായി സി.സി.ടി.വി ദൃശ്യങ്ങളിൽ നിന്ന് വ്യക്തമായിരുന്നു. വിശദമായ ചോദ്യം ചെയ്യലിന് ശേഷം ആകും അറസ്റ്റ്. പ്രദേശത്തെ കൂടുതൽ സി.സി.ടി.വി ദൃശ്യങ്ങൾ രാത്രിയും പോലിസ് പരിശോധിച്ചിരുന്നു. അതേസമയം എക്സിക്യൂട്ടീവ് എക്സ്പ്രസിലെ ബോഗിക്ക് തീ വെച്ചത് ഇന്ധനം ഉപയോഗിച്ചാണോ എന്നത് ഫോറൻസിക് പരിശോധനയിൽ വ്യക്തമായിട്ടില്ല. ഇക്കാര്യം ഉറപ്പിക്കാൻ ഇന്നലെ വൈകിട്ട് വീണ്ടും ബോഗിയിൽ പരിശോധന നടത്തിയിട്ടുണ്ട്. നിലവിൽ റെയിൽവേ പോലിസാണ് കേസ് അന്വേഷിക്കുന്നത്. സംഭവത്തിന്റെ പശ്ചാത്തലത്തിൽ റെയിൽവേ സുരക്ഷ പരിശോധനയും അന്വേഷണവും റെയിൽവേ അധികൃതരും ഇന്ന് നടത്തും. ഇതിനിടെ കണ്ണൂരിൽ തീപിടിത്തമുണ്ടായ ട്രെയിനിൽ എൻ.ഐ.എ സംഘം പരിശോധന നടത്തിയിരുന്നു. കൊച്ചിയിൽ നിന്നുള്ള ഉദ്യോഗസ്ഥരാണ് പരിശോധന നടത്തിയത്. അന്വേഷണ റിപ്പോർട്ട് ഇന്ന് കൈമാറും. കേസ് ഉടൻ എൻ.ഐ.എ ഏറ്റെടുത്തേക്കില്ലെന്നാണ് സൂചന. എലത്തൂർ തീവെപ്പിന് പിന്നാലെ എക്സിക്യുട്ടീവ് ട്രെയിനൽ രണ്ടാമതും തീപിടിത്തമുണ്ടായതിനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയവും ദേശീയ അന്വേഷണ ഏജൻസികളും ഏറെ ഗൗരവത്തോടെയാണ് കാണുന്നത്.

## 850 കോടി രൂപ പദ്ധതിയിൽ നിർമിച്ച സപ്തർഷികളുടെ പ്രതിമകൾ തകർന്നതിൽ അന്വേഷണം പ്രഖ്യാപിച്ച് ലോകായുക്ത

ഭോപ്പാൽ: മധ്യപ്രദേശിലെ ഉജ്ജയിനിലെ മഹാകാലേശ്വർ ക്ഷേത്രത്തിൽ 850 കോടി രൂപ പദ്ധതിയിലുൾപ്പെടുത്തി നിർമിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്ത സപ്തർഷികളുടെ പ്രതിമകൾ തകർന്നതിൽ അന്വേഷണം പ്രഖ്യാപിച്ച് ലോകായുക്ത. മഹാകാൽ ലോക് ഇടനാഴിയിൽ സ്ഥാപിച്ചിരുന്ന ഏഴ് സപ്തർഷികളുടെ കൂറ്റൻ വിഗ്രഹങ്ങളിൽ ആറെണ്ണവും മഴയിലും കാറ്റിലും തകർന്നുവീണു. തുടർന്നാണ് മധ്യപ്രദേശ് ലോകായുക്ത അന്വേഷണം ആരംഭിച്ചത്. മെയ് 28ന് വൈകുന്നേരം നാല് മണിയോടെയാണ് നിരവധി സന്ദർശകർ




മധ്യപ്രദേശിലെ ഉജ്ജയിനിലെ മഹാകാലേശ്വർ ക്ഷേത്രത്തിൽ തകർന്നുവീണ സപ്തർഷികളുടെ പ്രതിമകൾ

ഉണ്ടായിരിക്കെ പ്രതിമകൾ തകർന്നുവീണത്. സംഭവത്തിൽ ആർക്കും പരുക്കേറ്റില്ല. അറ്റകുറ്റപ്പണികൾക്കായി ഇവിടം താൽക്കാലികമായി അടച്ചു. ശക്തമായ കാറ്റാണ് സംഭവത്തിന് കാരണമെന്നാണ് അധികൃതരുടെ വിശദീകരണം. 850 കോടി രൂപയുടെ മഹാകാലേശ്വര ക്ഷേത്ര ഇടനാഴി പദ്ധതിയുടെ ആദ്യഘട്ടം കഴിഞ്ഞ വർഷം ഒക്ടോബറിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തത്. പദ്ധതിയിൽ അഴിമതി ആരോപിച്ച് പ്രതിപക്ഷമായ കോൺഗ്രസ് രംഗത്തെത്തി. നിലവാരം കുറഞ്ഞ നിർമാണമാണ് പ്രതിമകൾ തകരാൻ കാരണമെന്നും അന്വേഷിക്കണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു.വിഗ്രഹങ്ങൾ പുനഃസ്ഥാപിക്കണമെന്നും നിർമാണത്തെക്കുറിച്ച് അന്വേഷിക്കണമെന്നും ഉത്തരവാദികളായവർക്കെതിരേ നടപടിയെടുക്കണമെന്നും സംസ്ഥാന കോൺഗ്രസ് അധ്യക്ഷൻ കമൽനാഥ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. മഹാകാൽ ലോക് ഇടനാഴിയുമായി ബന്ധപ്പെട്ട മൂന്നാമത്തെ കേസാണ് ലോകായുക്ത അന്വേഷിക്കുന്നത്. ആദ്യത്തെ പരാതിയിൽ ഉജ്ജയിൻ ജില്ലാ കലക്ടറും മറ്റ് രണ്ട് ഐ.എ.എസ് ഓഫിസർമാരും ഉൾപ്പെടെ 15 പേർക്കെതിരേ ലോകായുക്ത നോട്ടീസ് അയച്ചിരുന്നു. സംഭവവുമായി ബന്ധപ്പെട്ട മാധ്യമ റിപ്പോർട്ടുകൾ പ്രകാരം ലോകായുക്ത ജസ്റ്റിസ് എൻ.കെ ഗുപ്ത സ്വമേധയാ നടപടികൾ സ്വീകരിച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ടയിടങ്ങളിൽ മഴ; രണ്ടു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ടയിടങ്ങളിൽ മഴയെന്ന് മുന്നറിപ്പ്. പത്തനംതിട്ടയിലും ഇടുക്കിയിലും ഇന്ന് യെല്ലോ അലർട്ട്. കാലവർഷത്തിന് മുന്നോടിയായി പടിഞ്ഞാറൻ കാറ്റിന്റെ ഗതി അനുകൂലമാകുന്നതാണ് ഈ ദിവസങ്ങളിലെ മഴയ്ക്ക് കാരണം. നാളെയോടെ കൂടുതലിടങ്ങളിൽ മഴ ലഭിച്ചേക്കും. തെക്കൻ ജില്ലകളിലാണ് ഈ ദിവസങ്ങളിൽ മഴ സാധ്യത കൂടുതൽ. നാളെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്. അതേസമയം അടുത്തയാഴ്ച തെക്ക്-കിഴക്കൻ അറബിക്കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ടേക്കും. തിങ്കളാഴ്ചയോടെ രൂപമെടുത്ത ചക്രവാതച്ചുഴി പിന്നീട് 48 മണിക്കൂറിനുള്ളിൽ ന്യൂനമർദ്ദമായി മാറുമെന്നാണ് അറിയിപ്പ്. ജൂൺ ഒന്ന് മുതൽ രണ്ടുവരെ തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, തെക്കൻ ശ്രീലങ്കൻ തീരത്തോട് ചേർന്നുള്ളൻ തെക്ക്-പടിഞ്ഞാറൻ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത. ഈ ദിവസം ഇവിടെ മത്സ്യബന്ധനം പാടില്ലെന്ന് നിർദേശമുണ്ട്.

മൂന്നിന് തെക്ക്- പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, തെക്ക്-കിഴക്കൻ അറബിക്കടൽ, മാലിദ്വീപ് പ്രദേശം, തെക്ക്-കിഴക്കൻ ബംഗാൾ ഉൾക്കടൽ, ശ്രീലങ്കൻ തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത. ഈ ദിവസം ഇവിടെ മത്സ്യബന്ധനം പാടില്ലെന്ന് നിർദേശം നൽകിയിട്ടുണ്ട്. നാലു മുതൽ അഞ്ചു വരെ തെക്ക്- പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, കന്യാകുമാരി തീരം, ഗൾഫ് ഓഫ് മന്നാർ, തെക്ക് തമിഴ്നാട് തീരം, തെക്ക്-കിഴക്കൻ അറബിക്കടൽ, മാലിദ്വീപ് പ്രദേശം, ശ്രീലങ്കൻ തീരം, തെക്ക്-കിഴക്കൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യത. ഈ ദിവസം ഇവിടെ മത്സ്യബന്ധനം പാടില്ലെന്നും അധികൃതർ നിർദേശിച്ചു.




മർകസ് നോളജ് സിറ്റി യുനാനി മെഡിക്കൽ കോളേജ് ആൻഡ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മെഡിക്കൽ ഓറിയന്റേഷൻ പ്രോഗ്രാമിൽ നിന്ന്

## മെഡിക്കൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു

കോഴിക്കോട്: മർകസ് നോളജ് സിറ്റി യുനാനി മെഡിക്കൽ കോളേജ് ആൻഡ് ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. കോഴിക്കോട് കാലിക്കറ്റ് ടവറിൽ വെച്ച് നടന്ന പ്രോഗ്രാമിൽ പ്ലസ്ടു പൂർത്തിയാക്കി മെഡിക്കൽ രംഗത്ത് ഉന്നത പഠനം ലക്ഷ്യംവയ്ക്കുന്ന നൂറോളം വിദ്യാർഥികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു. മർകസ് നോളജ് സിറ്റി അക്കാദമിക് ഡയരക്ടർ ഡോ. അമീർ ഹസന്റെ അധ്യക്ഷതയിൽ മർകസ് നോളജ് സിറ്റി സി.ഇ.ഒ ഡോ. അബ്ദുസ്സലാം ഉദ്ഘാടനം ചെയ്തു. കരിയർ ഗൈഡ് ഡോ. നാസർ കുന്നുമ്മൽ, മർകസ് യുനാനി മെഡിക്കൽ കോളേജ് ആൻഡ് ഹോസ്പിറ്റൽ ചീഫ് കൺസൾട്ടന്റ് ഡോ. ഒ.കെ.എം അബ്ദുർറഹ്മാൻ എന്നിവർ വിവിധ സെഷനുകൾ അവതരിപ്പിച്ചു. അഫ്സൽ കോയ, ഡോ. ഉസ്മാൻ എന്നിവർ സംസാരിച്ചു.

# 'മയ്യഴിയുടെ ചരിത്രവും മിത്തുകളും ഈ ചുമരിൽ വായിച്ചെടുക്കാം'

**ചാലക്കര പുരുഷു**

മാഹി: അറബിക്കടലും മയ്യഴിപ്പുഴയും ഇഴചേരുന്ന അഴീമുഖത്തെ പഴയ മൂപ്പൻ സായ്പിന്റെ ബംഗ്ലാവിന്റെ കടലിന്നഭിമുഖമായ വിശാലമായ ചുമരിൽ ഇനി മയ്യഴിയുടെ ചരിത്രവും മിത്തുകളും മിഴി തുറക്കും. തുറമുഖത്തിലേക്കും, ഹിൽ ടോപ്പിലേക്കുമുള്ള പുഴയോര നടപ്പാതയുടെ സഞ്ചാരവഴികളിലാണ് മയ്യഴിയുടെ ഗതകാല ചരിത്രം പറയുന്ന വർണ ചിത്രങ്ങൾ കൺ തുറക്കുന്നത്. 233 വർഷക്കാലം ഫ്രഞ്ച് ഭരണാധികാരികളുടെ ആസ്ഥാനമായ മൂപ്പൻ ബംഗ്ലാവിന്റെ പുറംചുമർ ഇനി ചരിത്രവും സംസ്കൃതിയും സംഗമിക്കുന്ന മയ്യഴിയുടെ ചരിത്ര ചിത്ര ഭൂമികയാവും. പുരാതന ദേവാലയങ്ങളായ മയ്യഴിയമ്മയുടെ പള്ളി, മഞ്ചക്കൽ ജുമാ മസ്ജിദ്, പുത്തലത്തെ ആദി തീയ്യ ക്ഷേത്രം, മയ്യഴി മെറി (നഗരസഭാ കാര്യാലയം) ലൈറ്റ് ഹൗസ്, ഹൗസ് ബോട്ട്, മയ്യഴിയിലെ അനുഷ്ഠാനകലകൾ,



പുതുച്ചേരി ഗാന്ധി ആർട്സിലെ തിലക് രാജിന്റെ നേതൃത്വത്തിൽ അഞ്ചംഗ കലാകാര കൂട്ടായ്മ അഴീമുഖത്തെ പഴയ മൂപ്പൻ സായ്പിന്റെ ബംഗ്ലാവിന്റെ കടലിനഭിമുഖമായ വിശാലമായ ചുമരിൽ വർണചിത്രങ്ങളൊരുക്കിയപ്പോൾ

നാടൻ കലാരൂപങ്ങൾ, പ്രകൃതി മനോഹാരിത തുടങ്ങി സന്ദർശകർക്ക് മയ്യഴിയെ അറിയാനുള്ളതെല്ലാം ഈ ചുമർ ചിത്രങ്ങളിലൂടെ വായിച്ചെടുക്കാം. പുതുച്ചേരി ഗാന്ധി ആർട്സിലെ തിലക് രാജിന്റെ നേതൃത്വത്തിൽ അഞ്ചംഗ കലാകാര കൂട്ടായ്മയാണ് ജീവൻ തുടിക്കുന്ന ചുമർ ചിത്രങ്ങൾ വരയുന്നത്. മൂപ്പൻ ബംഗ്ലാവിന്റെ, ടാഗോർ ഉദ്യാനത്തിന്റെ ഭാഗത്തുള്ള അതിവിശാലമായ ചുമരിൽ എം.മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിലെ കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളും ചുമർ ശിൽപ്പങ്ങളായി നേരത്തെ കൊത്തിവച്ചിട്ടുണ്ട്.

# എസ്.ഐ.ഒവിന്റെ സേവന ഹസ്തം 'പുസ്തകപ്പച്ച' സംസ്ഥാന ഉദ്ഘാടനം നടന്നു

കോഴിക്കോട്: എസ്.ഐ.ഒയും പീപ്പിൾ ഫൗണ്ടേഷനും സംയുക്തമായി നിർവഹിക്കുന്ന പുസ്തകപ്പച്ച പഠനോപകരണ സഹായത്തിന്റെ സംസ്ഥാന ഉദ്ഘാടനം കോഴിക്കോട് പയ്യാനക്കൽ വെച്ച് നടന്ന പരിപാടിയിൽ പീപ്പിൾ ഫൗണ്ടേഷൻ സംസ്ഥാന സെക്രട്ടറി എം.അബ്ദുൽ മജീദ്, ജമാഅത്തെ ഇസ്ലാമി സൗത്ത് ഏരിയ പ്രസിഡന്റ് റസാഖ് മാത്തോട്ടത്തിന് പഠനോപകരണ പദ്ധതി കൈമാറി ഉദ്ഘാടനം നിർവഹിച്ചു. സംസ്ഥാനത്ത് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമെല്ലാമായി പിന്നോക്കമാക്കപ്പെട്ട തെരെഞ്ഞെടുത്ത 2000 വിദ്യാർഥികൾക്കാണ് പുതിയ അധ്യായന വർഷത്തിലേക്ക് ആവശ്യമായ പഠനകിറ്റുകൾ നൽകിയത്. എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സഈദ് ടി.കെയാണ് പരിപാടിക്ക് അധ്യക്ഷത നിർവഹിച്ചത്. സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമെല്ലാമായി പിന്നോക്കമാക്കപ്പെടുന്ന സാമൂഹിക വ്യവസ്ഥക്കെതിരായ സമരത്തിന്റെ ഭാഗംകൂടിയായാണ് ഇത്തരം സേവന ഉദ്യമങ്ങളെ കാണേണ്ടതെന്നും അനീതിക്കും വിവേചനത്തിനുമെതിരായ സമരത്തോടൊപ്പം പിന്നോക്കമാക്കപ്പെടുന്ന വിദ്യാർഥികളെയും ജനങ്ങളെയും ചേർത്ത് പിടിച്ചാണ് നമുക്ക് മുന്നോട്ട് പോകാനുള്ളതെന്നും സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സഈദ് ടി.കെ അഭിപ്രായപ്പെട്ടു. പരിപാടിയിൽ പീപ്പിൾ ഫൗണ്ടേഷൻ കോഴിക്കോട് സിറ്റി കോ-ഓർഡിനേറ്റർ നിഹാസ് നടക്കാവ് സ്വാഗതവും ജി.ഐ.ഒ സംസ്ഥാന കൗൺസിൽ മെമ്പർ ആയിഷ ഗഫൂർ, എസ്.ഐ.ഒ ജില്ലാ പ്രസിഡന്റ് നവാഫ് പാറക്കടവ് എന്നിവർ ആശംസയും നേർന്നു.




'പുസ്തകപ്പച്ച' പഠനോപകരണ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം പീപ്പിൾ ഫൗണ്ടേഷൻ സംസ്ഥാന സെക്രട്ടറി എം.അബ്ദുൽ മജീദ്, ജമാഅത്തെ ഇസ്ലാമി സൗത്ത് ഏരിയ പ്രസിഡന്റ് റസാഖ് മാത്തോട്ടത്തിന് കൈമാറി നിർവഹിക്കുന്നു

## കേരളത്തിലെ ആദ്യത്തെ സമ്പൂർണ ആരോഗ്യമാൾ 'മെഡി മാൾ' ഇന്ന് കുന്ദമംഗലത്ത് ഉദ്ഘാടനം ചെയ്യും

medimall™
We care He cures

കോഴിക്കോട്: ആരോഗ്യ മേഖലയിൽ നൂതന പദ്ധതികളുമായി കുന്ദമംഗലത്ത് സമ്പൂർണ ആരോഗ്യമാൾ ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടും. ഇന്ന് വൈകീട്ട് നാലിന് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിക്കും. അലോപ്പതി, ആയുർവേദം, യൂനാനി, ഹോമിയോ ക്ലിനിക്കുകൾ മാളിൽ സജ്ജമാക്കിയിട്ടുണ്ട്.

കുന്ദമംഗലത്തിന്റെയും സമീപപ്രദേശങ്ങളുടെയും നിലവിലെ ആരോഗ്യമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരമായാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഹൈപ്പർ ഫാർമസി, മെഡിക്കൽ ലബോറട്ടറി തുടങ്ങിയവയും കൂടാതെ ഒപ്റ്റിക്കൽസ് , ഡയബറ്റിക്ക് ക്ലിനിക്ക്, എക്സ്റേ-യു.എസ്.ജി, മെഡിസൈഫ് ഇൻസ്റ്റിറ്റ്യൂട്ട്, ഡെന്റൽ ക്ലിനിക്ക്, ഗ്ലോബൽ ഫുട് ന്യൂട്രീഷൻ, ന്യൂറോ ക്ലിനിക്ക്, സ്പീച്ച് ക്ലിനിക്ക്, ഫിസിയോ തെറാപ്പി, ഫിറ്റ്നസ്, ഓർത്തോ, ഹെയർ ട്രാൻസ്പ്ലാന്റ് തുടങ്ങി മുപ്പതോളം മെഡിക്കൽ സ്ഥാപനങ്ങളാണ് മെഡിമാൾ ഉദ്ഘാടന ദിനത്തിൽ പ്രവർത്തനം ആരംഭിക്കുന്നത്.

എല്ലാവിധ ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളും വിദഗ്ധരായ ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ സേവനങ്ങളും ഉറപ്പുവരുത്തുന്ന രീതിയിൽ ആരംഭിക്കുന്ന മെഡിമാൾ കേരളത്തിലെ ആദ്യത്തെ സമ്പൂർണ ആരോഗ്യമാളായാണ് ആരംഭിക്കുന്നത്. അത്യാധുനിക സാങ്കേതിക വിദ്യകളും മാനവികതയും അടിസ്ഥാനമാക്കിയുള്ള പരിചരണവും ഏറ്റവും മികച്ച ഡോക്ടർമാരും മെഡിമാളിൽ ലഭ്യമാണെന്ന് ഡയരക്ടർമാർ അറിയിച്ചു.

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ മെഡിക്കൽ ടൂറിസം രംഗത്ത് മെഡിമാളിന് വലിയ സാധ്യതകളുണ്ടെന്നും ആയതിനാൽ ആയുർവേദ, യൂനാനി, ഡെന്റൽ, ഡെർമറ്റോളജി തുടങ്ങിയ എല്ലാ ഡിപ്പാർട്ട്മെന്റുകളും അത്തരത്തിൽ ഡിസൈൻ ചെയ്തതാണെന്നും ഇത് കുന്ദമംഗലത്തിന്റെ വികസന സ്വപ്നങ്ങൾക്കും പൊതുവിൽ കോഴിക്കോടിന്റെ ആരോഗ്യരംഗത്തിനും ഒരു മുതൽക്കൂട്ടാണ് എന്നും ഡയരക്ടർമാർ അറിയിച്ചു. എം.കെ രാഘവൻ എം.പി, ഡോ. അബ്ദുൽ ഹക്കീം അസ്ഹരി, അഡ്വ. പി.ടി.എ റഹീം എം.എൽ.എ, അഡ്വ. ടി.സിദ്ധീഖ് എം.എൽ.എ, ഡോ. നാരായണൻ കുട്ടി വാര്യർ, ടി.കെ ബാപ്പു ഹാജി, ലിജി പുളിക്കുന്നുമ്മേൽ, വി. അനിൽ കുമാർ, പി.കെ ഫിറോസ്, സി.എച്ച് ഇബ്രാഹിം കുട്ടി സാഹിബ്, സയ്യിദ് സബൂർ തങ്ങൾ, അഡ്വ. ശമീർ കുന്ദമംഗലം, ടി.പി സുരേഷ്, രഷ്മി.പി, രസിത ഹരീഷ് ഉൾപ്പെടെ പ്രമുഖർ മെഡി മാളിലെ വിവിധ ഡിപ്പാർട്ട്മെന്റുകൾ ഉദ്ഘാടനം നിർവഹിക്കും.

## മണിപ്പൂരിൽ സമാധാനം പുലരണം; ഐക്യദാർഢ്യ സമ്മേളനങ്ങൾ നാലിന്

കൊച്ചി: മണിപ്പൂരിൽ ആഴ്ചകളായി തുടരുന്ന കലാപത്തിനും ക്രൈസ്തവ ദേവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും എതിരെ നടക്കുന്ന ആക്രമണങ്ങൾക്കും അറുതി വരുത്തണമെന്നും പ്രദേശത്ത് സമാധാനന്തരീക്ഷം പുനഃസ്ഥാപിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകണം എന്നും ആവശ്യപ്പെട്ടുകൊണ്ട് മണിപ്പൂരിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ (കെ.എൽ.സി.എ) നേതൃത്വത്തിൽ വിവിധ ഇടവകകളിൽ ജൂൺ നാലിന് ഐക്യദാർഢ്യ സമ്മേളനങ്ങൾ സംഘടിപ്പിക്കും. ഇപ്പോൾ തുടരുന്ന സംഘർഷത്തിന്റെ മറവിൽ ആക്രമണത്തിന് ഇരയാകുന്നവരെയും ക്രൈസ്തവ ആരാധനാലയങ്ങളെയും ഇതര സ്ഥാപനങ്ങളെയും സംരക്ഷിക്കാൻ നടപടികൾ ഉണ്ടാവണം എന്നും പ്രസിഡന്റ് അഡ്വ. ഷെറി .ജെ തോമസ്, ജനറൽ സെക്രട്ടറി ബിജുജോസി എന്നിവർ ആവശ്യപ്പെട്ടു.

# 'മമ്പാടോത്സവം 2023' വർണാഭമായി ആഘോഷിച്ചു

ജിദ്ദ: ജിദ്ദയിലെ മമ്പാട് പഞ്ചായത്ത് പ്രവാസി കൂട്ടായ്മ മമ്പാട് വെൽഫെയർ ഫോറം ജിദ്ദയുടെ 21ാം വാർഷികം 'മമ്പാടോത്സവം 2023' വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിച്ചു. ഷറഫിയ അൽ അബീർ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ പ്രസിഡന്റ് ഗഫൂർ മമ്പാടിന്റെ അധ്യക്ഷതയിൽ നിസാം മമ്പാട് ഉദ്ഘാടനം ചെയ്തു. കിസ്മത്ത് മമ്പാട്, ഇ.കെ സലീം, സാബിൽ, സുൽഫി, എന്നിവർ സംസാരിച്ചു. വെൽഫെയർ ഫോറത്തിന്റെ രൂപീകരണത്തിലും പ്രവർത്തനത്തിലും പ്രധാന പങ്കു വഹിച്ച രക്ഷാധികാരികളായ നിസാം മമ്പാട്, കിസ്മത്ത് മമ്പാട്, ഹബീബ് റഹ്മാൻ, ഇ.കെ സലീം, പി.പി സലാം, ഇ. കെ ഗഫൂർ എന്നിവരെ മെമെന്റോ നൽകി ആദരിച്ചു. ജന.സെക്രട്ടറി തമീം അബ്ദുള്ള സ്വാഗതവും പ്രോഗ്രാം കൺവീനർ റഫീഖ് നന്ദിയും പറഞ്ഞു. തുടർന്ന് ജിദ്ദയിലെ പ്രശസ്ത കലാകാരന്മാരും കുട്ടികളും നടത്തിയ കലാ പരിപാടികൾ മമ്പാടോത്സവം മിഴിവുറ്റതാക്കി. നൂഹ് ബീമാ പള്ളി, മുംതാസ് അബ്ദുറഹിമാൻ,ഡോ. ഹരീഷ്, ബൈജുദാസ്, സിനി, അബ്ദുൽ ഖാദർ, എന്നിവർ നയിച്ച ഗാനമേളയും പൂജ പ്രേം, ഹാജറ മുജീബ്, അഷിതാ ഷിബു, ദീപിക സന്തോഷ് എന്നിവരുടെ നൃത്ത നൃത്യങ്ങളും പരിപാടിയെ മനോഹരമാക്കി. നദീറ ടീച്ചറുടെ നേതൃത്വത്തിൽ കുട്ടികൾ ഒപ്പന, കോൽക്കളി, അറബിക് ഡാൻസ് അവതരിപ്പിച്ചു. സന്തോഷ് കടമ്മനിട്ട, സുബൈർ ആലുവ എന്നിവർ നയിച്ച സ്ക്രിപ്റ്റും ഏറെ ശ്രദ്ധേയമായി. അബ്ദുൽ ഖാദർ, വാസുദേവൻ, ജാഫർ, ബഷീർ പരുത്തിക്കുന്നൻ, വി.പി ഷഫീക്ക്, പഴയങ്ങാടി ലത്തീഫ്, എന്നിവർ സമ്മാനദാനം നടത്തി. ഷിഫിലി, ഷബീറലി, ലബീബ്, നിസാർ, ഫൈസൽ കാഞ്ഞിരാല, ഹാഫിസ് ആരോളി, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.




ജിദ്ദയിലെ മമ്പാട് പഞ്ചായത്ത് പ്രവാസി കൂട്ടായ്മ മമ്പാട് വെൽഫെയർ ഫോറം ജിദ്ദയുടെ 21ാം വാർഷികം 'മമ്പാടോത്സവം 2023' നിസാം മമ്പാട് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു



ബസിനുള്ളിൽ മരിച്ചനിലയിൽ കണ്ടെത്തിയ തമിഴ്നാട് പഴനി സ്വദേശി വിഷ്ണു

## ബസിനുള്ളിൽ യുവാവ് മരിച്ച നിലയിൽ

തലശ്ശേരി: പുതിയ ബസ്സ്റ്റാൻഡിൽ നിർത്തിയിട്ട ബസിനുള്ളിൽ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. തമിഴ്നാട് പഴനി സ്വദേശി വിഷ്ണുവിനെ (35) ആണ് ഇന്ന് രാവിലെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഇടയ്ക്കിടെ ബസുകൾ കഴുകുന്ന ജോലി ചെയ്യുന്ന ആളാണ് വിഷ്ണു. തലശ്ശേരി- കിടഞ്ഞി റൂട്ടിലോടുന്ന മോഹനം ബസിനുള്ളിലാണ് വിഷ്ണുവിനെ കണ്ടെത്തിയത്. രാവിലെ 9.30ന് ആദ്യ ട്രിപ്പ് ആരംഭിക്കാൻ ഡ്രൈവറും കണ്ടക്ടറും എത്തിയപ്പോഴായിരുന്നു യുവാവിനെ മരിച്ച നിലയിൽ കണ്ടത്. ബുധനാഴ്ച വൈകുന്നേരം ആറരയ്ക്കായിരുന്നു സ്റ്റാൻഡിൽ നിർത്തിയിട്ടത്. രാത്രി ബസിനുള്ളിൽ ഉറങ്ങിയതായിരുന്നു. അസ്വഭാവിക മരണത്തിനു തലശ്ശേരി പോലിസ് കേസെടുത്തു അന്വേഷണം തുടങ്ങി. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ജനറൽ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

## അത്തോളി പ്രസ്ഫോറം 21ാം വാർഷികവും അനുമോദന സായാഹ്നവും അഞ്ചിന്

അത്തോളി: അത്തോളി പ്രസ് ഫോറം 21ാം വാർഷികവും അനുമോദന സായാഹ്നവും അഞ്ചിന്(തിങ്കൾ) വൈകീട്ട് 5.30ന് ഒറിയാന കൺവെൻഷൻ സെന്ററിൽ നടക്കും. മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനവും അനുമോദനവും നിർവഹിക്കും. പ്രസ്ഫോറം പ്രസിഡന്റ് സുനിൽ കൊളക്കാട് അധ്യക്ഷത വഹിക്കും. കൺസ്യൂമർഫെഡ് ചെയർമാൻ എം.മെഹബൂബ് ഐ.ഡി കാർഡ് വിതരണം നടത്തും. പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാമചന്ദ്രൻ മുഖ്യാതിഥിയാകും. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സന്ദീപ്കുമാർ കോറോത്ത്, ജൈസൽ അത്തോളി, കെ.കെ ബാബു മാസ്റ്റർ, ആർ.എം കുമാരൻ, ലിനീഷ് ആനശേരി, എ.പി അബ്ദുറഹിമാൻ, രാധാകൃഷ്ണൻ ഒള്ളൂർ ആശംസകൾ നേരും. തല മുതിർന്ന മാധ്യമപ്രവർത്തകൻ ബഷീർ കൂനോളി, അജീഷ് അത്തോളി, എം.കെ ഷബിത, ഷിദ ജഗത്, പി.കെ മുഹമ്മദ് ഹാത്തിഫ് എന്നിവർ മറുമൊഴി നടത്തും. പ്രസ് ഫോറം സെക്രട്ടറി എം.കെ ആരിഫ് സ്വാഗതവും ഷഫീക് ചിക്കിലോട് നന്ദിയും പറയും.

# അഗതിമന്ദിരത്തിലെ അന്തേവാസിയുടെ സ്വർണമാല നഷ്ടപ്പെട്ടതായി പരാതി

മാഹി: മയ്യഴിയിലെ സർക്കാർ അഗതിമന്ദിരത്തിലെ അന്തേവാസിയായ വൃദ്ധയുടെ ഒന്നേമുക്കാൽ പവൻ വരുന്ന സ്വർണ്ണ മാല കാണാതായതായി പരാതി. കഴിഞ്ഞ 13 വർഷമായി ഇവിടെ അന്തേവാസിനിയായ ദേവി(75)യുടെ സ്വർണമാലയാണ് ഒൻപത് മാസം മുമ്പ് മാഹി പള്ളി പെരുന്നാൾ വേളയിൽ കാണാതായത്. മാല പെട്ടിയിൽ അടച്ച് പൂട്ടിയതായിരുന്നു. പെട്ടിയിൽ നിന്ന് കാണാതായപ്പോൾ ദേവി നടത്തിപ്പുകാരായ ജീവനക്കാരോട് പരാതിപ്പെട്ടിരുന്നു. മാഹി റീജ്യണൽ അഡ്മിനിസ്ട്രേറ്ററെ വിവരമറിയിച്ചതിന് ശേഷം പോലിസിൽ പരാതി നൽകാമെന്നാണ് നടത്തിപ്പുകാർ പറഞ്ഞത്. എന്നാൽ ആർ.എയെ വിവരമറിയിച്ചില്ലെന്ന് മാത്രമല്ല, തനിക്ക് പരാതിയില്ലെന്ന് ഒരു താൽക്കാലിക



മാല നഷ്ടപ്പെട്ട സർക്കാർ അഗതിമന്ദിരത്തിലെ അന്തേവാസിയായ ദേവി

ജീവനക്കാരി എഴുത്തും വായനയും വശമില്ലാത്ത ഇവരിൽ നിന്നും എഴുതിക്കൊടുത്ത കടലാസിൽ ഒപ്പ് വെപ്പിക്കുകയായിരുന്നു. ചൊക്ലിയിൽ ദശകങ്ങളായി ജോലി ചെയ്ത വീട്ടിൽ നിന്ന് ലഭിച്ച പണം കൊണ്ടാണ് രണ്ട് പവന്റെ മാല ഇവർ വാങ്ങിയത്. ഇതേ വൃദ്ധസദനത്തിൽ വച്ച് മുമ്പ് മാല പൊട്ടിയത് കണ്ടപ്പോൾ അത് കൂട്ടിച്ചേർക്കാൻ കൊണ്ടുപോയി തിരിച്ച് കൊണ്ടുവന്നപ്പോൾ ഒന്നേമുക്കാൽ പവനായി മാറുകയായിരുന്നു. സ്വർണമാല കാണാതായ വിവരം ആരോടും പറഞ്ഞ് പോകരുതെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. സന്ദർശകർക്ക് പ്രവേശനവും നിഷേധിച്ചു. ഇവരെ വർഷങ്ങളായി പുറത്ത് വിടാറില്ല. ഇതിന് മുമ്പ് ജീവകാരുണ്യ പ്രവർത്തകർ പതിവായി ഇവിടം സന്ദർശിക്കുകയും ഭക്ഷ്യ വസ്തുക്കളും വസ്ത്രങ്ങളുമെല്ലാം നൽകുമായിരുന്നു. ഇവരെ പാർക്കിലും മറ്റും കൊണ്ടുപോകുന്ന പതിവുമുണ്ടായിരുന്നു. എന്നാൽ സാമൂഹ്യ പ്രവർത്തകർ കൊണ്ടുവരുന്ന സാധനങ്ങൾ ആർ.എയുടെ അനുമതി തേടിയായിരിക്കണമെന്ന് ഇവർ നിഷ്ക്കർഷിക്കുകയും ചെയ്തു. നൂലാമാലകൾ മൂലം സന്നദ്ധ പ്രവർത്തകർ ഇവിടം സന്ദർശിക്കാതായി. എന്നാൽ ഇപ്പോൾ ഹോട്ടലിൽ നിന്നാണ് ഇവർക്ക് ജീവനക്കാർ ഭക്ഷണം വാങ്ങിച്ച് നൽകുന്നത്. കഴിഞ്ഞ ദിവസം സാമൂഹ്യ പ്രവർത്തകയായ സി.കെ രാജലക്ഷ്മി വൃദ്ധസദനം സന്ദർശിച്ചപ്പോഴാണ് അന്തേവാസികൾ ഇക്കാര്യം പറഞ്ഞത്. തുടർന്ന് മാഹി പോലിസ് സി.ഐ.യെ വിവരമറിയിക്കുകയും എസ്.ഐ. രാധാകൃഷ്ണൻ സ്ഥലത്തെത്തി മൊഴിയെടുക്കുകയും ചെയ്തിട്ടുണ്ട്.





തലശ്ശേരി ബി.ഇ.എം.പി ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മുതിർന്ന മാധ്യമപ്രവർത്തകൻ ചാലക്കര പുരുഷു

## 'നഗരത്തിലെ ലഹരിമാഫിയാ സംഘങ്ങളെ പിടികൂടണം'

തലശ്ശേരി: നിറവും മണവുമില്ലാത്ത മാരകമായ രാസലഹരിയിലേക്ക് വിദ്യാർഥികളെ ആകർഷിച്ചു കൊണ്ടുപോകുന്ന ഇരുട്ടിന്റെ ശക്തികളെ പിടികൂടാൻ, പോലിസിനൊപ്പം രക്ഷിതാക്കളുമുണ്ടാകണമെന്നും, നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ തഴച്ചുവളരുന്ന ലഹരി മാഫിയാ സംഘങ്ങളെ പിടികൂടാനും ഉറവിടം കണ്ടെത്താനും പോലിസ് സംവിധാനം ഇനിയും ഉണരേണ്ടതുണ്ടെന്നും മുതിർന്ന മാധ്യമ പ്രവർത്തകനും, കലൈമാമണി അവാർഡ് ജേതാവുമായ ചാലക്കര പുരുഷു അഭിപ്രായപ്പെട്ടു. തലശ്ശേരി ബി.ഇ.എം.പി ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.ടി.എ പ്രസിഡന്റ് ഹനീഫ മുഹമ്മദലി അധ്യക്ഷത വഹിച്ചു. സ്കൂൾ ലോക്കൽ മാനേജർ ഫാദർ റെജി തോമസ് മുഖ്യപ്രഭാഷണം നടത്തി. നഗരസഭാംഗം ഫൈസൽ പുനത്തിൽ, പ്രസീന തയ്യിൽ, ടി.പി. ഹബീബ് സംസാരിച്ചു. പ്രിൻസിപ്പാൾ ഷാജി അരുൺകുമാർ സ്വാഗതവും, സഹ പ്രധാനാധ്യാപകൻ പി.പി.അബ്ദുൾ ജബ്ബാർ നന്ദിയും പറഞ്ഞു. ഗിന്നസ് ആൽവിൻ റോഷൻ അവതരിപ്പിച്ച ഇന്ദ്രജാല പ്രകടനവുമുണ്ടായി.

# ലോക ക്ഷീരദിനാചരണം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു

തിരുവനന്തപുരം: സുസ്ഥിര ക്ഷീരവികസനത്തിലൂടെ നമ്മുടെ ഭക്ഷ്യസുരക്ഷ മാത്രമല്ല പോഷക സുരക്ഷയും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് ഈ സർക്കാർ മുൻഗണന നൽകുന്നതെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു.

കർഷകക്ഷേമത്തിന് കോട്ടം വരാത്തവിധം ഏറെ പ്രാധാന്യം നൽകിയാണ് ഇപ്പാൾ മുന്നാട്ട് പോകുന്നതെന്നും തിരുവനന്തപുരത്ത് ലോക ക്ഷീര ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വെർച്വൽ ആയി നിർവഹിച്ചുകാണ്ട് മന്ത്രി പറഞ്ഞു. വരും കാലങ്ങളിൽ കുറഞ്ഞ ചെലവിൽ കൂടുതൽ ഉൽപാദനം ലക്ഷ്യമിട്ട് ക്ഷീരമേഖല വൻ ലാഭകരമാക്കാൻ കഴിയുന്ന തരം



തിരുവനന്തപുരത്ത് ലോക ക്ഷീരദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വെർച്വൽ ആയി നിർവഹിച്ച് സംസാരിക്കുന്ന മന്ത്രി ജെ. ചിഞ്ചുറാണി

കണ്ടെത്തലുകൾ വേണമെന്ന് അഡ്വ. എം.വിൻസെന്റ് എം.എൽ.എ അധ്യക്ഷത വഹിച്ചു പറഞ്ഞു. പാലിന്റെ പ്രാധാന്യം ഉയർത്തിപ്പിടിച്ചുകൊണ്ട് കൂടുതൽ സംരംഭകരെ ആകർഷിച്ച് പാൽ സ്വയംപര്യാപ്തത എന്ന വലിയ ലക്ഷ്യം കൈവരിക്കാൻ കേരളത്തിനാകുമെന്ന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് ഡയരക്ടർ ഡോ. എ.കൗശിഗൻ ഐ.എ.എസ് സ്വാഗതം ആശംസിച്ചു പറഞ്ഞു. തിരുവനന്തപുരം കോവളം വെള്ളാറിൽ വെച്ച് നടന്ന ചടങ്ങിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രണബ് ജ്യാതിനാഥ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തി.പാലിന്റേയും പാൽ ഉൽപ്പന്നങ്ങളുടേയും ഗുണഗണങ്ങൾ വിശദമാക്കുന്ന സാങ്കേതിക ശിൽപശാലയ്ക്ക് ഡോ. പി. പി ബിന്ദുമാൻ നേതൃത്വം നൽകി. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എസ്. സാജൻ, മിൽമ ചെയർമാൻ കെ.എസ് മണി, കേരള ക്ഷീരകർഷക ക്ഷേമനിധി ബാർഡ് ചെയർമാൻ അഡ്വ. വി.പി ഉണ്ണികൃഷ്ണൻ, കേരള ഫീഡ്സ് ചെയർമാൻ കെ.ശ്രീകുമാർ, കെ.എൽ.ഡി.ബി. എം.ഡി ഡോ. ആർ. രാജീവ്, ടി.ആർ.സി.എം.പി.യു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ. ഭാസുരാംഗൻ, ആർ. റാംഗോപാൽ(ജെ.ഡി ജനറൽ ) ഡോ.പി.എസ് ശ്രീകുമാർ (ഡി.ഡി മൃഗസംരക്ഷണ വകുപ്പ് ) തുടങ്ങിയവർ പങ്കെടുത്തു. ശാലിനി ഗോപിനാഥ് ( ജെ. ഡി പ്ലാനിങ് ) നന്ദി പറഞ്ഞു.





മർകസ് ബോയ്സ് സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ സംസാരിക്കുന്നു

## വിദ്യാർഥികൾ സാമൂഹ്യബോധമുള്ളവരാവണം: കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ

കാരന്തൂർ: സിലബസിലുള്ള വിഷയങ്ങൾ സജീവമായി പഠിക്കുന്നതോടൊപ്പം തന്നെ ധാർമിക ജീവിതം ശീലിക്കാനും സമകാലിക സാമൂഹ്യവിഷയങ്ങളിൽ അവബോധമുള്ളവരാവാനും വിദ്യാർഥികൾ ഉത്സാഹിക്കണമെന്ന് കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ പറഞ്ഞു. മർകസ് ബോയ്സ് സ്കൂൾ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മികച്ച ഭാവിയുള്ളവരാവാനും വരുന്നകാലത്ത് ചലനങ്ങൾ സൃഷ്ടിക്കാനും വിദ്യാരംഭ കാലം മുതൽ തന്നെ പഠനത്തിൽ സജീവമായി ശ്രദ്ധിക്കണം. ഇക്കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ 414 പേരും വിജയിച്ച് നൂറുമേനി കൈവരിച്ചതും 36 പേർ മുഴുവൻ എ പ്ലസ് നേടിയതും സ്കൂളിന്റെ മികവ് തെളിയിക്കുന്നതാണെന്നും കാന്തപുരം പറഞ്ഞു. വിജയത്തിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകരേയും ജീവനക്കാരേയും അദ്ദേഹം അഭിനന്ദിച്ചു.

എസ്.പി. സി, സ്കൗട്ട്, ജെ.ആർ.സി, എൻ.സി.സി കാഡറ്റുകൾ നവാഗതരെ വരവേറ്റു. മർകസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ പി.ടി.എ പ്രസിഡന്റ് അബ്ദുൽ ഖാദർഹാജി അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് ചടങ്ങിൽ ഉപഹാരം സമ്മാനിച്ചു. മർകസ് അസോസിയേറ്റ് ഡയരക്ടർ ഉനൈസ് മുഹമ്മദ്, കെ. പി മുഹമ്മദ് കോയ, റഫീഖ് കംറാൻ, റശീദ് പടാളിയിൽ, സി.പി ഫസൽ അമീൻ, ഉസ്മാൻ.എ സംബന്ധിച്ചു. ഹെഡ്മാസ്റ്റർ അബ്ദുൽ നാസർ സ്വാഗതവും അബ്ദുൽ റഷീദ് പി.പി നന്ദിയും പറഞ്ഞു.



ബി.ജെ.പി നടക്കാവ് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വെള്ളയിൽ വൈദ്യുതിഭവന് മുന്നിൽ നടന്ന പ്രതിഷേധ തീപന്തം പരിപാടിയിൽ നിന്ന്

## വൈദ്യുതി ചാർജ് വർധനവ്; പ്രതിഷേധ തീ പന്തം സംഘടിപ്പിച്ച് ബി.ജെ.പി

കോഴിക്കോട്: വൈദ്യുതി ചാർജ് വർധിപ്പിച്ച പിണറായി സർക്കാരിന്റെ ജനദ്രോഹ നടപടിയിൽ പ്രതിഷേധിച്ച് ബി.ജെ.പി നടക്കാവ് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വെള്ളയിൽ വൈദ്യുതിഭവന് മുന്നിൽ നടന്ന പ്രതിഷേധ തീപന്തം പരിപാടി ജില്ല വൈസ് പ്രസിഡന്റ് പൊക്കനാരി ഹരിദാസൻ ഉദ്ഘാടനം ചെയ്തു. ബി.ജെ.പി നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു അധ്യക്ഷത വഹിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി എൻ.പി പ്രകാശൻ, വൈസ് പ്രസിഡന്റ് പി.എം സുരേഷ്, സെക്രട്ടറിമാരായ കെ.സുശാന്ത്, മധു കാട്ടുവയൽ, സോഷ്യൽ മീഡിയ മണ്ഡലം കൺവീനർ ടി. അർജുൻ, കർഷക മോർച്ച മണ്ഡലം പ്രസിഡന്റ് ടി. പ്രജോഷ്, ജനറൽ സെക്രട്ടറി എ.പി പുരുഷോത്തമൻ, ഏരിയ പ്രസിഡന്റുമാരായ വർഷ അർജുൻ, മധു കാമ്പുറം, ടി.പി സുനിൽ രാജ്, പി. ശിവദാസൻ, ഏരിയ ജനറൽ സെക്രട്ടറി മാലിനി സന്തോഷ്, സെക്രട്ടറിമാരായ ജൂല അമിത്ത്, സോയ അനീഷ് എന്നിവർ സംസാരിച്ചു.

# ഉത്തരമലബാർ ഗാനാലാപന മത്സരം: ഷിജിൽ, അജിത്ത്, ഷാനിമ ജേതാക്കൾ

കാഞ്ഞങ്ങാട്: അനശ്വര കവികളായ വയലാർ പി.ഭാസ്കരൻ ഒ.എൻ.വി എന്നിവരുടെ ഓർമകൾക്ക് ശ്രദ്ധാഞ്ജലികൾ അർപ്പിച്ച് ത്രിമൂർത്തിസ്മൃതിഗീതങ്ങൾ എന്ന ശീർഷകത്തിൽ കാഞ്ഞങ്ങാട്ടെ കലാസാംസ്കാരിക കൂട്ടായ്മയായ ക്രിയേറ്റീവ് കാഞ്ഞങ്ങാട് ഒരുക്കിയ സംഗീത സായാഹ്നം ഏറെ ശ്രദ്ധേയമായി. ശ്രീഷ്മ ശങ്കറിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച ഗാനാലാപനമത്സരം പ്രശസ്ത കവിയും പ്രഭാഷകനുമായ സി.എം വിനയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സ്നേഹത്തിന്റെ മഹത്തായ സന്ദേശം പകരുകയാണ് കലയുടെ ഉദാത്തമായ ധർമമെന്ന് അദ്ദേഹം പറഞ്ഞു. ജനമനസുകളിൽ സ്ഥിരപ്രതിഷ്ഠ നേടിയ കവികളായ വയലാർ രാമവർമ്മയും പി.ഭാസ്കരൻ മാഷും ഒ.എൻ.വി കുറുപ്പും ഈ മഹത്തായ കലാധർമ്മത്തിന്റെ നാമധേയത്തിലാണ് അനശ്വരരായത്. തങ്ങൾ ജീവിച്ച കാലത്തിന്റെ പ്രതി സ്പന്ദങ്ങളായിരുന്നു അവരുടെ കവിതകളും ഗാനങ്ങളും. മാനവികതയായിരുന്നു അവരുടെ മധുരമൂറുന്ന ഗാനങ്ങളുടെ കൊടിയടയാളമെന്നും വിനയചന്ദ്രൻ കൂട്ടിച്ചേർത്തു.ക്രിയേറ്റീവ് പ്രസിഡന്റ് ജബ്ബാർ കാഞ്ഞങ്ങാട് അധ്യക്ഷത വഹിച്ചു. കേരള ക്ഷേത്രകല അക്കാദമി ചെയർമാനായി നിയമിതനായ സംഗീതരത്നം ഡോ. കാഞ്ഞങ്ങാട് രാമചന്ദ്രൻ, കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗമായി തെരഞ്ഞെടുക്കപ്പെട്ട ഡോ. എ.എം.ശ്രീധരൻ എന്നിവരെ കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ഖാദർ മാങ്ങാട് ആദരിച്ചു. പ്രസ് ഫോറം പ്രസിഡന്റ് ടി. കെ.നാരായണൻ, പത്രാധിപന്മാരായ ബഷീർ ആറങ്ങാടി, അരവിന്ദൻ മാണിക്കോത്ത്, മാനുവൽ കുറിച്ചിത്താനം, സംഘടനുടെ മുൻ പ്രസിഡന്റ് കെ.പി മോഹനൻ, ക്രിയേറ്റീവ് എക്സിക്യൂട്ടിവ് അംഗം





കാഞ്ഞങ്ങാട് ക്രിയേറ്റീവ് സംഘടിപ്പിച്ച ചന്ദ്രകളഭം ഉത്തര മലബാർ ഗാനാലാപനത്തിന്റെ അവസാന റൗണ്ട് മത്സരങ്ങൾ കവി സി.എം വിനയചന്ദ്രൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

എ.ഹമീദ് ഹാജി എന്നിവർ സംസാരിച്ചു. സെക്രട്ടറി ഇ.വി സുധാകരൻ സ്വാഗതവും ട്രഷറർ സത്താർ ആവിക്കര നന്ദിയും പറഞ്ഞു.ചന്ദ്രകളഭം സീസൺ ( 3 ) ഉത്തരമലബാർ ഗാനാലാപന മത്സരത്തിന്റെ ഫൈനലിൽ പതിനഞ്ച് മൽസരാർഥികളാണ് ഫൈനൽ മാറ്റുരച്ചത്. അതിൽ നിന്നും അഞ്ച് പേരെ വീണ്ടും തെരഞ്ഞെടുത്തു. അവസാന റൗണ്ടിലെ വിധി നിർണയത്തിൽ ഷിജിൽ പയ്യന്നൂർ ഒന്നാം സ്ഥാനവും അജിത്ത് കരിവെള്ളൂർ രണ്ടാം സ്ഥാനവും ഷാനിമ പ്രകാശ് മൂന്നാം സ്ഥാനവും സ്വന്തമാക്കി. വിജയികൾക്കുള്ള ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും ഉപഹാരങ്ങളും മലബാർ വാർത്ത പത്രാധിപർ ബഷീർ ആറങ്ങാടി, രാജീവ് ലാസർ ഡ്രഗ്ഗ് വേൾഡ്, സൗദി അബൂബക്കർ എന്നിവർ വിതരണം ചെയ്തു.

# 'എട്ടാമത് സാക്ഷി സർഗ്ഗോത്സവം 2023' 25ന്

കോഴിക്കോട്: സാഹിത്യകാരൻമാർക്ക് സമൂഹത്തോടുള്ള കടപ്പാടുകൾ ലക്ഷ്യത്തിലേക്കെത്തിക്കുന്നതിനായി എട്ട് വർഷങ്ങൾക്ക് മുൻപ് രൂപം കൊണ്ട സോഷ്യൽ ആർട്സ് ആന്റ് നോളജ് സൊസൈറ്റി ഫോർ ഹ്യൂമൻ ഇന്റഗ്രാഷന്റെ (സാക്ഷി) എട്ടാമത് വർഷികാഘോഷം 'സാക്ഷി സർഗോൽസവം 2023' 25ന് (ഞായർ) എറണാകുളം ടൗൺഹാളിൽ നടക്കും. ജനപ്രിയ എഴുത്തുകാരെ കണ്ടെത്താനായി നടത്തിയ ജനകീയ സർവേയിൽ 564 എഴുത്തുകാരാണ് മത്സരിച്ചത്. മൂന്ന് ലക്ഷത്തോളം വായനക്കാർ അഭിപ്രായം രേഖപ്പെടുത്തി വോട്ട് ചെയ്തു. ഇതിൽ ഏറ്റവും കൂടുതൽ വോട്ട് ചെയ്ത 12 ജനപ്രിയ എഴുത്തുകാരെ അവാർഡ് നൽകിയും മുൻനിരയിലെത്തിയ 38 പേർക്ക് ഫലകവും മെഡലും നൽകി ആദരിക്കും. 12 സോഷ്യൽ മീഡിയ ഗ്രൂപ്പ് മേധാവികളെയും സിനിമ, നാടക, സാംസ്കാരിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവരെയും ആദരിക്കും. സർഗോത്സവത്തിൽ മഹാകവി അക്കിത്തത്തിന്റെ മകൻ, അക്കിത്തം നാരായണൻ നമ്പൂതിരി, മഹാകവി വള്ളത്തോളിന്റെ കൊച്ചുമകൻ വള്ളത്തോൾ കെ.എൻ രവീന്ദ്രൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. സർഗോത്സവം ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. റിട്ട. ഹൈക്കോടതി ജഡ്ജി കെ. സുകുമാരൻ അവാർഡ് ദാനം നിർവഹിക്കും. സാക്ഷി ബുക്ക് ഓഫ് റിക്കോർഡ്സ് വെബ്സൈറ്റ് മേയർ അഡ്വ: അനിൽകുമാറും സാഹിത്യസമ്മേളനം കവിയും സാഹിത്യകാരനുമായ സി.രാവുണ്ണിയും കവി സമ്മേളനം കലാഭവൻ പ്രസിഡന്റ് ഡോ: ചെറിയാൻ കുനിയന്തോടത്തും. പ്രതിഭാസംഗമം ഉദ്ഘാടനം സംസ്ഥാന സാഹിത്യ അവാർഡ് ജേതാവ് ജാനമ്മ കുഞ്ഞുണ്ണിയും കർമ്മവും ധർമ്മവും സെമിനാർ ഉദ്ഘാടനം ബാല സാഹിത്യ അവാർഡ് ജേതാവ് പൂർണ്ണത്രയീ ജയപ്രകാശ് ശർമയും അതിജീവനം സെമിനാർ കേരള സാഹിത്യ അക്കാദമി അംഗം വിജയരാജ മല്ലികയും, പ്രവാസി സംഗമം ഉദ്ഘാടനം ലോകകേരളസഭാംഗം കബീർ സലാലയും പ്രദർശനം സെമിനാർ സാംസ്കാരിക പ്രവർത്തകൻ കരീം പന്നിത്തടവും കലാസന്ധ്യ ഉദ്ഘാടനം കലാഭവൻ കെ.എസ് പ്രസാദും നിർവഹിക്കും. ലിസി ജെയ്സൺ, മായാ അനൂപ്, ഫ്രഡി പൗലോസ്, ബദരി, കടുമണി, കുട്ടു ഉപാസന, പ്രഭ.എൻ.കെ, ഹസീന നജീബ്, റുക്സാന ഷമീർ, സിയാ സിയ, ലീലാമ്മ ജോർജ്, മൻസൂർ നവാസ് എന്നിവരാണ് അവാർഡ് ജേതാക്കൾ. വാർത്താ സമ്മേളനത്തിൽ പ്രസിഡന്റ് ഇന്ദിരാദേവി, വൈ.പ്രസിഡന്റ് ബാബുരാജ്, ജനറൽ സെക്രട്ടറി അനസ്ബി, രക്ഷാധികാരി കബീർ സലാല, കമ്മിറ്റിയംഗം സതീദേവി, കോർഡിനേഷൻ കമ്മിറ്റി അംഗങ്ങളായ ലളിതാ കുമാരി, എൻ.കെ രാമവാര്യർ, ഷെരീഫ് ഇബ്രാഹിം, എളവൂർ വിജയൻ, എബ്രഹാം ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

## ലോക പരിസ്ഥിതി ദിനാഘോഷം നടത്തും

കോഴിക്കോട്: കാമരാജ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ, ഇന്ത്യൻ ഗ്രീൻ കൗൺസിൽ, വൈ.എം.സി.എ കേരള റീജിയൺ എൻവയോൺമെന്റ് ബോർഡ്, വെസ്റ്റ് ഹിൽ സെന്റ് മൈക്കിൾസ് ഗേൾസ് ഹൈസ്കൂളിന്റേയും സംയുക്താഭിമുഖ്യത്തിൽ ജൂൺ അഞ്ചിന് രാവിലെ 11 മണിക്ക് സെന്റ്. മൈക്കിൾസ് ഗേൾസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് ലോക പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കും. മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ലോക കേരളസഭാംഗം പി.കെ കബീർ സലാല (കാമരാജ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ സംസ്ഥാന പ്രസിഡന്റ്, ഐ.ജി.സി സെക്രട്ടേറിയറ്റ് അംഗം). അധ്യക്ഷത വഹിക്കും. മുൻ മന്ത്രി ഡോ.എ.നീലലോഹിതദാസൻ , ഡിസ്ട്രിക്ട് സബ് ജഡ്ജ് എം.പി ഷൈജൽ (സെക്രട്ടറി ലീഗൽ സർവീസ് അതോറിറ്റി), എം.ഷെരീഫ് (ഇന്ത്യൻ ഗ്രീൻ കൗൺസിൽ ദേശീയ പ്രസിഡന്റ്) എന്നിവർ മുഖ്യാതിഥികളായിരിക്കും. കെ.എം സെബാസ്റ്റ്യൻ (വൈ.എം.സി.എ കേരള റീജ്യൺ എൻവയോൺമെന്റ് ബോർഡ് മെമ്പർ), സിനി എം.കുര്യൻ (ബി.എസ് എച്ച്.എം), ലില്ലീസ് ബി.എസ് മദർ സൂപ്പീരിയർ, സിസിലി ടീച്ചർ (ഐ.ജി.സി കോഴിക്കോട് ജില്ലാ നോർത്ത് പ്രസിഡന്റ് ), മേഴ്സി കെ.കെ (ബി.എസ് പ്രിൻസിപ്പാൾ), ജെയിംസ് കടക്കാട് (ഇന്ത്യൻ ഗ്രീൻ കൗൺസിൽ ദേശീയ ജനറൽ സെക്രട്ടറി), എം .മുസമ്മിൽ പുതിയറ (കാമരാജ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ജില്ലാ പ്രസിഡന്റ്) എന്നിവർ ആശംസകൾ നേരും. ജോൺ വില്യം (ഇന്ത്യൻ ഗ്രീൻ കൗൺസിൽ സംസ്ഥാന വൈസ് പ്രസിഡന്റ്) സ്വാഗതവും ഹാരിസ് മണ്ണൂർ(1ജിസി ജില്ലാ പ്രസിഡന്റ് ) നന്ദിയും പറയും. ജൂൺ അഞ്ച് മുതൽ ജൂലൈ 23 വരെ വൃക്ഷതൈ വിതരണം നടക്കും.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.